മാർച്ച്
2021
ലക്കം 3

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം




യൗസേപ്പിതാവിന്റെ വർഷം...


www.malankaralibrary.com



# എഡിറ്റോറിയൽ

പുണ്യപൂർണ്ണമായ ഈ നോമ്പുകാലത്ത് പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും നമ്മെ തന്നെ വിശുദ്ധീകരിച്ച് നമ്മുടെ കർത്താവിന്റെ രക്ഷാകരമായ പീഡാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മരണകളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈ അനുഗ്രഹീത ദിനങ്ങളിലേക്ക് നോമ്പിന്റെ വിശുദ്ധിയോടുകൂടി നമുക്ക് തീക്ഷ്ണതയോടെ പ്രവേശിക്കാം.

മാർച്ച് മാസം പരിശുദ്ധ കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം വിശുദ്ധ യൗസേപ്പ് പിതാവിന്റെ പ്രത്യേക വണക്കത്തിനായി മാറ്റിവച്ചിരിക്കുന്നതായ മാസമാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ 'പാത്രിസ് കോർദേ' എന്ന തിരുവെഴുത്തിലൂടെ 2020-21 വർഷക്കാലം വിശുദ്ധ യൗസേപ്പ് പിതാവിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നതായ ഈ കാലയളവിലെ വണക്കമാസം എന്ന നിലയിൽ ഇത് ഏറെ അനുഗ്രഹീതമായ സമയമാണ്. വലിയ നോമ്പിന്റെ വ്രതാനുഷ്ഠാനങ്ങളിൽ നാം ആയിരിക്കുന്ന ഈ സമയത്ത് വിശുദ്ധ യൗസേപ്പ് പിതാവിനെ പോലെ നിശബ്ദതയിൽ ആയിരുന്നുകൊണ്ട് ദൈവത്തിന്റെ വചനം കേൾക്കുവാനും നീതിപൂർവ്വം നമ്മുടെ അനുദിന പ്രവർത്തികളെ ക്രമീകരിക്കുവാനും നമുക്ക് പരിശ്രമിക്കാം. മറ്റൊരാളും താൻമൂലം വേദനിക്കാൻ പാടില്ലായെന്ന് തന്റെ ജീവിതത്തിൽ നിഷ്ഠപുലർത്തിയിരുന്ന വി. യൗസേപ്പ് പിതാവിനെ സുവിശേഷങ്ങളിൽ നാം കണ്ടുമുട്ടുന്നുണ്ട്. ഈ കാലഘട്ടത്തിൽ നമ്മളുമായി ബന്ധപ്പെടുന്ന ഒരാളുപോലും നമ്മുടെ വാക്കുകളോ പ്രവർത്തികളോമൂലം വേദനിക്കരുത് എന്ന നിഷ്ഠയോടുകൂടി വിശുദ്ധ യൗസേപ്പ് പിതാവിൽ നിന്നും അദ്ദേഹത്തെ പ്രത്യേകം ഓർക്കുന്ന ഈ മാസത്തിൽ പരിശീലിക്കാൻ നമുക്ക് പരിശ്രമിക്കാം. അങ്ങനെ ദൈവത്തിന്റെ മുന്നിലും മനുഷ്യരുടെ മുമ്പിലും നീതിനിഷ്ഠരായി ജീവിക്കുവാൻ ഈ നോമ്പുകാലവും വിശുദ്ധ യൗസേപ്പ് പിതാവിന്റെ വണക്കമാസവും നമ്മെ പ്രത്യേകം സഹായിക്കട്ടെ.



**ജിനു ജോർജ്ജ്**

*എം.സി.വൈ.എം. ജനറൽ സെക്രട്ടറി*
*ചീഫ് എഡിറ്റർ*





പരിഹസിച്ചവരുടെ മുന്നിൽ പരിഹാസമേറ്റുവാങ്ങിക്കൊണ്ട്... തന്റെ മനുഷ്യജീവൻ ബലികൊടുത്തുകൊണ്ടും ദൈവീകജീവന്റെ ഉയിർപ്പ് പ്രാപ്യമാക്കിക്കൊണ്ടും.. ക്രൂശിലെ സ്നേഹവും ത്യാഗവുമായി മാറിയ ഈശോയെന്ന നല്ലിടയന്റെ ഏറ്റവും പ്രിയപ്പെട്ട അപ്പൻ... 'ഇവൻ ആ തച്ചന്റെ മകനല്ലേ?' എന്ന ഒരൊറ്റ ചോദ്യത്തിലൂടെ വിശുദ്ധ ഗ്രന്ഥത്തിൽ തിരിച്ചറിയപ്പെടുന്ന ആ അപ്പന്റെയും മകന്റെയും സ്നേഹവും സഹനവും സാമീപ്യവുമാണ് ക്രിസ്തീയ ജീവിതത്തിന്റെയും ക്രിസ്തീയ കുടുംബങ്ങളുടെയും മൂലക്കല്ലെന്നു സഭയും വിശ്വാസവും നമ്മളെ പഠിപ്പിക്കുമ്പോൾ, അടിത്തറയിളകിയ കുടുംബങ്ങളുടെ അടിസ്ഥാനം കെട്ടുറപ്പുള്ളതാക്കുവാൻ മരപ്പണിക്കാരനായ അതേ അപ്പനും മകനും തന്നെയാണ് ഉത്തമമായ പോംവഴിയെന്ന ശക്തമായ തിരിച്ചറിവും ഇവിടെ ബലം പ്രാപിക്കുന്നു. തപത്തിൽ നിന്ന് താപത്തിലേയ്ക്കും പിന്നീട് അനുതാപത്തിലേയ്ക്കുമുള്ള 50 ദിനങ്ങളുടെ യാത്ര ആസ്വദിച്ചുകൊണ്ടിരിക്കുന്നവരെന്ന നിലയിൽ ക്രിസ്തുവിനെ പിന്തുടരുന്ന നമ്മിൽ യൗസേപ്പിതാവെന്ന പിതൃവാത്സല്യം അലിഞ്ഞുചേരുന്ന നിമിഷങ്ങളുടെ ഈ മാർച്ച് മാസം, യൗസേപ്പിതാവിലൂടെയുള്ള പ്രത്യേകത എന്താണെന്ന ഉത്തമബോധ്യത്തെ ഉള്ളിൽ തീയാക്കി മാറ്റുവാനും, പുത്രവാത്സല്യത്തിലൂടെ ഒരായിരം ചുംബനങ്ങൾ ആ അപ്പന് നൽകുവാനും, കണ്ണുനീർതുള്ളികൾ തുടച്ചു കൊണ്ട് ആ ഹൃദയത്തോട് ചേരുവാനും നമുക്ക് സാധിക്കണം.

ഉണ്ണീശോയെ മരണകരമായ അപകടത്തിൽനിന്ന് രക്ഷിച്ചതുപോലെ മരണത്തിന്റെ വഴികളിൽ നിന്നും നമ്മെ ജീവനിലേക്കു മടക്കികൊണ്ടുവരുവാനും അബദ്ധത്തിന്റെയും വഷളത്വത്തിന്റെയും കറകളിൽ നിന്നും രക്ഷിക്കുവാനും സാധിക്കുന്ന, ഈശോയുടെ വളർത്തുപിതാവിനോടുള്ള അന്തമായ സ്നേഹമായിരിക്കണം നമ്മുടെ പ്രത്യാശ. സ്നേഹം ഇല്ലാത്ത ഇടങ്ങളിലേയ്ക്ക് സ്നേഹം പകുത്തുനൽകുവാൻ, പാപം കുമിഞ്ഞുകൂടുന്ന ഇടങ്ങളിലേയ്ക്ക് പശ്ചാത്താപത്തിന്റെ മുളപൊട്ടിക്കുവാൻ, ഈ വലിയനോമ്പ് കാലം നമ്മെ അനുവദിക്കണമെങ്കിൽ ദാവീദിന്റെ വംശത്തിൽപ്പെട്ട ആ ചെറുപ്പക്കാരന്റെ, പരിശുദ്ധ അമ്മയ്ക്ക് സ്നേഹം പങ്കുവെച്ച് നൽകിയ ആ ഭർത്താവിന്റെ, മകനെ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർത്തിയ ആ അപ്പന്റെ, ദൈവാശ്രയബോധവും നിശ്ശബ്ദമായ ജീവിതവും പരസ്നേഹപ്രവർത്തിയുമാണ് ഈ കാലഘട്ടത്തിൽ ഏറ്റവും അനിവാര്യമായെതെന്ന തിരിച്ചറിവിൽ ഈ നോമ്പുകാലത്തെ പുതിയരാനുഭവമാക്കി നമുക്ക് മാറ്റാം.

**ജിത്ത് ജോൺ ഫ്രാൻസിസ്**
*എം.സി.വൈ.എം. പ്രസിഡന്റ്*

www.malankaralibrary.com



# വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം



**+ ഡോ. ജോസഫ് മാർ തോമസ്**
ബത്തേരി രൂപതാദ്ധ്യക്ഷൻ

## ആമുഖം

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2020 ഡിസംബർ 8 ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ മുതൽ 2021 ഡിസംബർ 8 വരെ ഒരു വർഷക്കാലം വി. യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കാൻ ആഹ്വാനം ചെയ്തിരിക്കുകയാണ്. ഇങ്ങനെ ഒരു വർഷം പ്രഖ്യാപിച്ചതിന് പ്രധാനമായും മൂന്ന് കാരണങ്ങളാണ് മാർപാപ്പ പറയുന്നത്.

ഒന്നാമതായി, ഭാഗ്യസ്മരണാർഹനായ 9-ാം പീയൂസ് മാർപാപ്പ 1870 ഡിസംബർ എട്ടാം തീയതി വി. യൗസേപ്പിതാവിനെ ആഗോളസഭയുടെ സംരക്ഷകനും മദ്ധ്യസ്ഥനുമായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായാണ് യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിച്ചത്.

രണ്ടാമതായി, കോവിഡ് മഹാമാരിയുടെ അസ്വസ്ഥതകളിൽനിന്നും പ്രതിസന്ധിയിൽ നിന്നും മോചനം നേടാൻ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കാൻ വേണ്ടി.

മൂന്നാമതായി, വിശുദ്ധ യൗസേപ്പിതാവ് സഭയുടെയും കുടുംബത്തിന്റെയും കാവൽ പിതാവായിരിക്കുന്നതുപോലെ ഈ കാലഘട്ടത്തിൽ യൗസേപ്പിതാവിനെ മാതൃകയാക്കി നമ്മുടെ ജീവിതത്തെ നവീകരിക്കുവാൻ. യൗസേപ്പിതാവിന്റെ വർഷം വ്യക്തികൾക്കും കുടുംബങ്ങൾക്കും സഭയ്ക്കും അനുഗ്രഹപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു.

വി. യൗസേപ്പിതാവിന്റെ വർഷം പ്രമാണിച്ച് ഫ്രാൻസിസ് മാർപ്പാപ്പ പുറപ്പെടുവിച്ച 'പാത്രീസ് കോർദെ' (പിതാവിന്റെ ഹൃദയത്തോടെ) എന്ന അപ്പോസ്തോലിക ലേഖനത്തിൽ യൗസേപ്പിതാവിന്റെ ജീവിതത്തിൽനിന്ന് നാം മാതൃകയാക്കേണ്ട ഏഴ് ഗുണങ്ങൾ മാർപാപ്പ അവതരിപ്പിക്കുന്നു.

ഒന്ന്, യൗസേപ്പിതാവ് വാത്സല്യമുള്ള പിതാവായിരുന്നു. ഈ പിതാവിന്റെ സംരക്ഷണയിൽ യേശു 'ജ്ഞാനത്തിലും, പ്രായത്തിലും, ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു.'(ലൂക്ക.2/52).

രണ്ട്, വി. യൗസേപ്പ് അലിയുന്ന, സ്നേഹമുള്ള പിതാവായിരുന്നു. 'ജോസഫ് നീതിമാനാകയാലും, മറിയത്തെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു.' (മത്തായി. 1/19). നീതിമാൻ എന്നാൽ കരുണയുള്ളവൻ, അലിയുന്ന ഹൃദയം ഉള്ളവൻ എന്നാണർത്ഥം.


www.malankaralibrary.com



മൂന്ന്, യൗസേപ്പിതാവിന്റെ ജീവിതത്തിലെ അനുസരണശീലം. അദ്ദേഹം ദൈവപരിപാലനയിൽ വിശ്വസിക്കുന്നവനും ദൈവവചനം അനുസരിച്ച് പ്രവർത്തിക്കുന്നവനുമായിരുന്നു. സ്വപ്നങ്ങളിൽകൂടെയും (മത്താ.1/20; 2/13; 19: 22) നിയമങ്ങളിൽകൂടെയും (ലൂക്ക 2/22, 27,39) ദൈവം വെളിപ്പെടുത്തിയ കാര്യങ്ങൾ പൂർണ്ണമായി വിശ്വസിക്കുകയും അനുസരിക്കുകയും ദൈവഹിതം നിറവേറ്റുകയും ചെയ്തു.

നാല്, ഒരു നിശബ്ദവിപ്ലവത്തിന്റെ പ്രവാചകനാണ് അദ്ദേഹം. മറ്റുള്ളവരെ അവർ ആയിരിക്കുന്നതുപോലെ അംഗീകരിക്കുകയും, നിശബ്ദതയിൽ ദൈവസ്വരം ശ്രവിച്ച് പ്രതിസന്ധികളെ അതിജീവിക്കുകയും ചെയ്യുന്നു. 'യൗസേപ്പ് നിദ്രയിൽനിന്ന് ഉണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു.' (മത്ത.1/24), വി. പൗലോസ് പറയുന്നു- 'ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു.' (റോമ: 8/28).

അഞ്ച്, യൗസേപ്പ് ധീരനും വിശ്വാസബോദ്ധ്യം ഉള്ളവനുമായിരുന്നു. വിശുദ്ധിയുടെ ആത്മാവും ധീരതയും ബോധ്യവും പ്രതിസന്ധികളിലായ മറിയത്തേയും യേശുവിനേയും സംരക്ഷിക്കുന്നു. ദൈവം പറഞ്ഞു, 'ദാവീദിന്റെ പുത്രനായ യൗസേപ്പ്, നീ ഭയപ്പേടേണ്ട.' (മത്താ.1/20) ധൈര്യമായിരിക്കുക, ദൈവം കൂടെയാണ്. യേശുവിനെ ഹേറോദേസിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി ഈജിപ്തിൽ ഒരു പരദേശിയെപ്പോലെ യൗസേപ്പ് ജീവിച്ചു (മത്താ.2/13).

ആറ്, അദ്ധ്വാനത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കുന്നവനാണ് യൗസേപ്പ്. തൊഴിൽ, ദൈവത്തിന്റെ രക്ഷാകര സംഭവത്തിലും സൃഷ്ടികർമ്മത്തിലും പങ്കെടുക്കുന്നതിനുള്ള ദൈവവിളിയാണ്. തച്ചന്റെ മകനായാണ് യേശു അറിയപ്പെട്ടത്. (മർക്കോ. 6/3). അദ്ധ്വാനിക്കുന്ന സ്നേഹത്തിന്റെ അടയാളമാണ് വി. യൗസേപ്പ്.

ഏഴ്, സ്വർഗീയപിതാവിന്റെ നിഴലായി യൗസേപ്പ് ഭൂമിയിൽ ജീവിച്ചു. പോളണ്ടുകാരനായ ജാൻ ഡോബ്രുൻസ്കിയുടെ പ്രസിദ്ധമായ പുസ്തകമാണ് പിതാവിന്റെ നിഴൽ (The shadow of the Father). ഈ പുസ്തകത്തിൽ യൗസേപ്പിതാവിനെ അവതരിപ്പിക്കുന്നത് ദൈവപിതാവിന്റെ ഭൂമിയിലെ നിഴലായിട്ടാണ്. ഈ ഭൂമിയിലെ പിതൃത്വം, സ്വർഗ്ഗസ്ഥനായ പിതാവിന്റെ പിതൃത്വത്തെ സൂചിപ്പിക്കുന്നു. ആവിലായിലെ അമ്മ ത്രേസ്യ പറഞ്ഞു, 'വി. യൗസേപ്പ് കൂടെയുണ്ടെങ്കിൽ ജീവിതം തീരാത്ത വസന്തമാണ്. ജീവിതം തീരാത്ത വസന്തം ആകണമെങ്കിൽ ജോസഫിന്റെ അടുത്തേക്ക് പോകണം (ഉല്പ;21/55) എന്ന് വി. ഗ്രന്ഥം പഠിപ്പിക്കുന്നു.

മാർപാപ്പാമാരുടെ ഔദ്യോഗിക പ്രബോധനങ്ങളിൽ പരിശുദ്ധ മറിയം കഴിഞ്ഞാൽ പിന്നെ ഏറ്റവും കൂടുതൽ പ്രതിപാദിക്കുന്നത് വി. യൗസേപ്പിനെപ്പറ്റിയാണ്. അദ്ദേഹത്തിന് സഭയിൽ നൽകുന്ന ബഹുമാനത്തിനും വണക്കത്തിനും 'പ്രോട്ടോദൂളിയ' (Proto dulia) എന്നാണ് പറയുന്നത്. വിശുദ്ധരുടെ ഇടയിൽ ആദ്യം വണങ്ങേണ്ട വിശുദ്ധർ എന്നാണ് ഇതിനർത്ഥം. ആഗോള കത്തോലിക്കാസഭയുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിക്കപ്പെട്ടശേഷം 1955-ൽ 12-ാം പീയൂസ് പാപ്പ അദ്ദേഹത്തെ 'തൊഴിലാളികളുടെ മദ്ധ്യസ്ഥനായും' വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ 'രക്ഷകന്റെ സംരക്ഷകനായും' സഭയുടെ പ്രബോധനത്തിൽ 'നല്ല മരണത്തിന്റെ മദ്ധ്യസ്ഥനായും', 2013 ൽ ഫ്രാൻസിസ് മാർപാപ്പ വിശുദ്ധന്റെ നാമം വി. കുർബാനയിലെ സ്തോത്രപ്രാർത്ഥനയിൽ കൂട്ടിച്ചേർത്തും ആദരിച്ചു. നമ്മുടെ പ്രതിസന്ധികളിലും, ബുദ്ധിമുട്ടുകളിലും വിശ്വാസപൂർവ്വം, ആത്മധൈര്യത്തോടെ ആശ്രയിക്കാൻ പറ്റുന്ന വിശുദ്ധനാണ് യൗസേപ്പിതാവ്. ഏതവസരത്തിലും വ്യക്തികൾക്കും കുടുംബങ്ങൾക്കും സഭയ്ക്കും സംരക്ഷണവും കൃപയും വാങ്ങിത്തരുന്ന വിശുദ്ധനാണ്. നീതിമാനും കുടുംബങ്ങളുടെ സംരക്ഷകനും തൊഴിലാളികളുടെ പ്രത്യേക മദ്ധ്യസ്ഥനുമായ യൗസേപ്പിതാവിന്റെ വർഷം (Year of St. Joseph) അനുഗ്രഹദായകമായി ആഘോഷിക്കാൻ നമുക്ക് പരിശ്രമിക്കാം. സഭയിലെ വിശുദ്ധർ ആ പദവിയിലേക്ക് ഉയർത്തപ്പെട്ടത് വലിയ കാര്യങ്ങൾ ചെയ്തത്കൊണ്ടല്ല, മറിച്ച്, ദൈവം ഏൽപിച്ച കാര്യങ്ങൾ ദൈവതിരുമനസ്സറിഞ്ഞ് വിശ്വസ്തതയോടെ ചെയ്തതുകൊണ്ടാണ്. ദൈവം തന്നെ ഏൽപിച്ച കുടുംബജീവിതത്തിലെ യേശുവിന്റെ പിതാവ്, മറിയത്തിന്റെ കുടുംബപരിപാലകൻ, രക്ഷാകരപദ്ധതിയുടെ സഹകാരി, അധ്വാനിക്കുന്നവരുടെ മദ്ധ്യസ്ഥൻ, സഭയ്ക്കു സംരക്ഷകൻ തുടങ്ങി നിരവധി രീതിയിൽ നമുക്ക് നല്ല മാതൃകയായിത്തീർന്ന യൗസേപ്പിതാവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം യാചിച്ച്, ഈ വർഷം അനുഗ്രഹപ്രദമാക്കാം.

ദൈവം അനുഗ്രഹിക്കട്ടെ.


www.malankaralibrary.com




# നാടാർ സമുദായ സംവരണത്തിനായി അദ്ധ്വാനിച്ച മലങ്കരയുടെ വലിയ ഇടയൻ...

**2021** ഫെബ്രുവരി 3 ന് കേരള സർക്കാർ എല്ലാ വിഭാഗത്തിലുമുള്ള നാടാർ സമുദായാംഗ ങ്ങളെയും OBC ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രഖ്യാപനം നടത്തിയപ്പോൾ എല്ലാവരും സന്തോഷിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയും മലങ്കരയുടെ വലിയ ഇടയൻ ബസേലിയോസ് ക്ലീമീസ് ബാവാ തിരുമേനിയും ഇതിനായി എടുത്ത മുന്നേറ്റങ്ങളെ ക്കുറിച്ച് നമ്മളറിയേണ്ടതുണ്ട്.

### മലങ്കര OBC സംവരണം നാൾവഴികളിലൂടെ....


1957 ഡിസംബർ 14 ന് ദളിത് ക്രൈസ്തവർക്ക് മാത്രമായി സംവരണം നിജപ്പെടുത്തി മറ്റ് വിഭാഗങ്ങ ളിലുള്ള ക്രൈസ്തവരുടെ സംവരണം സർക്കാർ എടുത്തു മാറ്റി. അന്ന് മുതൽ നഷ്ടപ്പെട്ട ഈ ആനു കൂല്യം പുനസ്ഥാപിക്കുന്നതിനായി ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെയും സിറിൽ ബസേലി യോസ് ബാവാ തിരുമേനിയുടെയും കാലഘട്ടങ്ങ ളിൽ സഭയൊന്നാകെ പരിശ്രമിച്ചു.

2007 ൽ അനന്തപുരിയുടെ ഇടയനായി ബസേ ലിയോസ് ക്ലീമീസ് ബാവാ തിരുമേനി കടന്നുവന്ന തോടെ ഇക്കാര്യത്തിൽ വർദ്ധിത ഊർജ്ജം കൈ വന്നു. 2007 ൽ മലങ്കര കാത്തലിക് നാടാർ മൂവ്മെൻറ് (MCNM) ബാവാ തിരുമേനി പ്രസിഡന്റായും പി. പൗലോസ് സെക്രട്ടറിയായും ഫാ. ജോർജ്ജ് ജോഷ്വാ കന്നീലേത്ത് ഡയറക്ടറായും രൂപീകരിച്ചു. ഗാന്ധിയൻ സമരമാർഗ്ഗങ്ങൾ പിന്തുടർന്ന് മലങ്കര നാടാർ മക്കൾ വിവിധ ഇടങ്ങളിലായി വില്ലേജ് ഓഫീസുകളിലും താലൂക്ക് ആസ്ഥാനങ്ങളിലും ധർണയിരുന്നു. 2008 സെപ്റ്റംബർ 22, 23 ദിവസങ്ങളിലായി ദ്വിദിന ഉപവാസ സമരം ബാവാ തിരുമേനിയുടെ നേതൃത്വ ത്തിൽ പാളയം രക്തസാക്ഷി മണ്ഡപത്തിൽ നടത്തു കയും അതിനൊടുവിൽ അന്നത്തെ മുഖ്യമന്ത്രി അച്ച്യുതാനന്ദന് നിവേദനം നൽകുകയും ചെയ്തു. മലങ്കര മക്കൾക്ക് വേണ്ടി മാത്രമല്ല എല്ലാ വിഭാഗത്തി ലുമുള്ള നാടാർ സമുദായ അംഗങ്ങളെയും OBC ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്നാണ് അന്ന് പിതാവ് ആവശ്യപ്പെട്ടത്. 2009 ഫെബ്രുവരിയിൽ പാളയം രക്ത സാക്ഷി മണ്ഡപത്തിൽ നിന്ന് ഗാന്ധി പാർക്കിലേക്ക് പതിനായിരക്കണക്കിന് ആളുകളുടെ പ്രകടനത്തി നൊടുവിൽ ബാവാ തിരുമേനിയുടെ അധ്യക്ഷതയിൽ ഗാന്ധി പാർക്കിൽ പൊതുയോഗം നടത്തുകയും ചെയ്തു. 2010 ൽ സെക്രട്ടറിയേറ്റിനു മുമ്പിൽ അമ്മമാരുടെയും കുട്ടികളുടെയും ഏകദിന ധർണ ബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു. 2011 ൽ ഒരു ലക്ഷം പേരുടെ ഒപ്പ് രേഖപ്പെടുത്തിയ നിവേദനം അന്നത്തെ മുഖ്യമന്ത്രിക്ക് നൽകി. 2012 ൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മക്കളായ ഏഞ്ചൽ മേരി ഒന്നാം കക്ഷിയായും പി. വി. ആൻസി രണ്ടാം കക്ഷിയായും MCNM പ്രസിഡന്റായ ബാവാ തിരുമേനി മൂന്നാം കക്ഷിയായും കേരള ഹൈക്കോട

തിയിൽ ഹർജി (wpc 21,849) നൽകി. സെബാസ്റ്റ്യൻ പോളായിരുന്നു അഭിഭാഷകൻ. 2015 ൽ അനുകൂല മായ വിധി ലഭിച്ചുവെങ്കിലും സർക്കാരിൽ നിന്നു പ്രതികൂലമായ പ്രതികരണം ലഭിച്ചതിനാൽ വീണ്ടും കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. സുപ്രീം കോടതിയിൽ കേസ് നടത്താനും പിതാവ് മുന്നിട്ടിറങ്ങി.

2015 മെയ് 28 ന് OBC സംവരണാനുകൂല്യത്തിന് പുറത്തു നിൽക്കുന്ന 49 വിഭാഗങ്ങളിലായുള്ള ഒരു ലക്ഷം നാടാർ സമുദായാംഗങ്ങളെ അണിനിരത്തി പാളയത്തു നിന്ന് പുത്തരിക്കണ്ടം മൈതാനത്തേക്ക് നടത്തിയ പ്രകടനം അനന്തപുരിയെ പ്രകമ്പനം കൊള്ളിച്ചു. പ്രകടനത്തിന് ഒടുവിൽ വിവിധ ക്രൈസ്തവ വിഭാഗങ്ങളിൽപ്പെടുന്ന പതിനാലോളം പിതാക്കൻമാർ പങ്കെടുത്ത യോഗത്തിന് അധ്യക്ഷത വഹിച്ച് ബാവാ തിരുമേനി നാടാർ സമുദായാംഗങ്ങ ൾക്ക് അർഹമായ OBC പരിരക്ഷ ലഭിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി സംസാരിച്ചത് മാധ്യമങ്ങൾ ഒന്നടങ്കം റിപ്പോർട്ട് ചെയ്തിരുന്നു. അന്നത്തെ MCNM ഡയറക്ടർ ജോസഫ് വെൺമാനത്ത് അച്ചനാ യിരുന്നു. പിതാവിന്റെ നിവേദനഫലമായി 2014 ൽ നിജസ്ഥിതി പഠിക്കാനായി ഹരിഹരൻ നായർ കമ്മീഷനെ ഉമ്മൻ ചാണ്ടി സർക്കാർ നിയമിച്ചു, 2015 ഡിസംബറിൽ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. 2016 ഫെബ്രുവരിയിൽ നാടാർ സംവരണം കപ്പിനും ചുണ്ടിനുമിടയിൽ നഷ്ടമായപ്പോൾ തന്റെ മക്കൾക്ക് വേണ്ടി ശബ്ദമുയർത്തിയ ഒരിടയന്റെ സ്വരം കേരള ജനത തിരിച്ചറിഞ്ഞതാണ്. 2016 ഫെബ്രുവരി 29 ന് കേരള ബാക്ക്വാർഡ് ക്ലാസ് കമ്മീഷനിൽ പിതാവ് കക്ഷി ചേർന്ന് കേസ് ഫയൽ ചെയ്തു. 2000 ഏപ്രിൽ 4 ന് അന്നത്തെ വാജ്പേയി ഗവൺമെന്റ് എല്ലാ വിഭാഗം നാടാർ മക്കളെയും OBC ലിസ്റ്റിൽ ഉൾപ്പെ ടുത്തി പ്രത്യേക വിധി പുറപ്പെടുവിച്ചതും ഇതിനോട് ചേർത്ത് വായിക്കേണ്ടതായുണ്ട്. ഒരു വ്യാഴവട്ട ക്കാലത്തിലേറെയായി ശബ്ദമില്ലാത്ത ഒരു ജനസമൂഹ ത്തിന്റെ ശബ്ദമായി പിതാവ് മാറിയതിന്റെ പ്രതിഫല നമാണ് കഴിഞ്ഞ ദിവസം കേരളം കണ്ടത്. മലങ്കര സഭ യുടെ വലിയ ഇടയൻ മലങ്കര നാടാർ അംഗങ്ങൾക്കു വേണ്ടി മാത്രമല്ല, എല്ലാ വിഭാഗം നാടാർ സമുദായത്തി നും ഈ ആനുകൂല്യം ലഭിക്കണമെന്ന് ആദ്യം മുതലേ ആവശ്യപ്പെട്ടതാണ്. അതിന്റെ പൂർത്തീകരണമെ ന്നോണം മാർത്തോമാ, ലൂഥറൻ, പെന്തക്കോസ്ത്, മലബാർ നാടാർ വിഭാഗങ്ങളെല്ലാം OBC ലിസ്റ്റിൽ ഉൾപ്പെട്ടു.

അച്ച്യുതാനന്ദൻ, ഉമ്മൻ ചാണ്ടി, പിണറായി വിജയൻ എന്നിവർ മുഖ്യമന്ത്രിയായിരിക്കുമ്പോൾ എല്ലാ മൂന്ന് മാസം കൂടുമ്പോഴും ബാവാ തിരുമേനി നേരിട്ട് ഈ ആവശ്യമുന്നയിച്ച് നിവേദനവുമായി ക്ലിഫ് ഹൗസിൽ പോയി മുഖ്യമന്ത്രിയെ കണ്ടിരുന്നു എന്നതും ഏറ്റവുമൊടുവിൽ 2021 ജനുവരിയിലും നിവേ ദനം നൽകിയെന്നതും അറി യുമ്പോൾ മനുഷ്യസ്നേഹി യായ, ആടുകൾക്കായി കണ്ണീ രൊഴുക്കുന്ന ഒരിടയന്റെ ചിത്ര മല്ലേ വെളിവാകുക. ചരിത്രത്താ ളുകളിൽ രേഖപ്പെടുത്തിയ ദിനമായി 2021 ഫെബ്രുവരി 3 മാറിയപ്പോൾ ചരിത്രം വിരചി തമായതിന്റെ കാരണക്കാരൻ മലങ്കരയുടെ വലിയ ഇടയ നാണ്.



## വിരാമതിലകം

നാടാർ സംവരണം എന്താണെന്നും ആർക്കാ ണെന്നും അറിയാതെ അടി ക്കുറിപ്പുകൾ എഴുതുന്ന വർക്കും സംവരണ പ്രഖ്യാപനത്തിൽ മനസു നീറുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവരും അറിയാൻ:- സംവ രണ പ്രഖ്യാപനത്തിന്റെ ഗുണം എല്ലാ നാടാർ മക്ക ൾക്കും ലഭിക്കാനാഗ്രഹിച്ച് അതിനായി മുൻനിരയിൽ നിന്ന ഒരു സഭയുടെ സാമൂഹ്യനിലപാടിനെ വന്ദിച്ചില്ലെങ്കിലും ദയവായി നിന്ദിക്കരുത്. ചില സംവ രണ ക്രമീകരണങ്ങളിൽ മാറ്റം വന്നാലും നിങ്ങളിൽ ചിലർക്കെങ്കിലും അവസാനം ആശ്രയിക്കാനാകുക ഇന്നലെ പ്രഖ്യാപിച്ച OBC ആനുകൂല്യ പരിരക്ഷയാ യിരിക്കും എന്നതോർക്കുക. നാടാർ സമുദായത്തിൽ ജനിച്ച എല്ലാവർക്കും സംവരണം ഉറപ്പാക്കിയ ഇടതുപക്ഷ സർക്കാർ കാണിച്ച ആർജ്ജവത്വം ശ്രദ്ധേ യമാണ്. നാടാർ സംവരണത്തിൽ ഒരാൾ പോലും മാറ്റി നിർത്തപ്പെടുന്നില്ല എന്നത് നീതിദേവതയുടെ കടാക്ഷം.

## അടിക്കുറിപ്പ്:

ഞങ്ങളെന്തോ മറിച്ചു എന്ന് പത്രക്കുറിപ്പ് ഇറ ക്കിയവരോട്, ഇങ്ങനെയായിരുന്നു ഇതിന്റെ നാൾ വഴികൾ. മലങ്കരസഭ എന്നും നിലകൊണ്ടിട്ടുള്ളതും ബാവാതിരുമേനി മാറിമാറി വന്ന സർക്കാരുകളോട് ആവശ്യപ്പെട്ടതും എല്ലാ വിഭാഗത്തിലുമുള്ള നാടാർ സമുദായാംഗങ്ങളുടെ OBC സംവരണമായിരുന്നു, അതാണ് സാക്ഷാത്കരിച്ചത്; കലക്കവെള്ളത്തിൽ മീൻപിടിക്കുന്ന പരിപാടി നിർത്തുക.



# അതുല്യപ്രതിഭയായ ചേടിയത്ത് മൽപാനച്ചൻ

ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ



നിങ്ങൾ സഭാ ചരിത്രത്തിൽ താൽപര്യമുള്ള ഒരാളാണെങ്കിൽ, സുറിയാനി ഭാഷയെ സ്നേഹിക്കുന്നെങ്കിൽ, ഒരു സെമിനാരി വിദ്യാർത്ഥിയാണെങ്കിൽ, ജി. ചേടിയത്ത് എന്ന പേരിലുള്ള എഴുത്തുകാരന്റെ പുസ്തകങ്ങൾ ഒരിക്കലെങ്കിലും വായിച്ചിട്ടുണ്ടാകും. വായിച്ചിട്ടുണ്ടാകും എന്നല്ല ചേടിയത്തച്ചന്റെ പുസ്തകങ്ങളോ ലേഖനങ്ങളോ വായിക്കാതെ നിങ്ങളുടെ പഠനം പൂർണ്ണമാക്കാനാകില്ല എന്നതാണ് വാസ്തവം. 1973ൽ 'പൈതൃക പ്രബോധനം' എന്ന ആദ്യ പുസ്തകത്തിലൂടെ തന്റെ വിജ്ഞാന സപര്യയുടെ പങ്കുവയ്ക്കൽ ആരംഭിച്ച അച്ചന്റെ നൂറ്റിപതിനെട്ടാമത് ഗ്രന്ഥമാണ് 'കേരളത്തിലെ ക്രൈസ്തവ സഭകൾ'. 1970ൽ 'മലങ്കര സഭയുടെ പ്രാർത്ഥനക്രമം' എന്ന പേരിൽ ക്രൈസ്തവ കാഹളം മാസികയിൽ തന്റെ ആദ്യ ലേഖനമെഴുതിയ അച്ചൻ മലയാളത്തിലും ഇംഗ്ലീഷിലുമായി വിവിധ മാസികകളിലായി ഇരുന്നൂറിനടുത്ത് ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ബഹുഭാഷാപണ്ഡിതനായിരുന്ന അച്ചന്റെ വിവിധ ഗ്രന്ഥങ്ങൾ ഇംഗ്ലീഷ്, ജർമ്മൻ, ഇറ്റാലിയൻ, ഫ്രഞ്ച് തുടങ്ങിയ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ നൂറുകണക്കിന് വൈദികരുടെയും പതിനഞ്ചിലധികം പിതാക്കന്മാരുടെയും പ്രിയങ്കരനായിരുന്ന സെമിനാരി അധ്യാപകനായിരുന്ന അച്ചന്റെ പൗരോഹിത്യ ജീവിതത്തിലേറിയ പങ്കും സെമിനാരി പരിശീലനവുമായി ബന്ധപ്പെട്ടായിരുന്നു. 1970ൽ തിരുവനന്തപുരം പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരി വൈസ് റെക്ടറായി ആരംഭിച്ച ഈ പൗരോഹിത്യ പരിശീലനത്തിലെ സജീവ പങ്കാളിത്തം ജീവിതത്തിൽ ധാരമുറിയാതെ തുടർന്നു. പത്തനംതിട്ട മൈനർ സെമിനാരിയിൽ അധ്യാപകനായി ശുശ്രൂഷ ചെയ്യുന്ന വേളയിലാണ് അച്ചൻ രോഗബാധിതനാകുന്നത്. 1970–73 കാലഘട്ടത്തിൽ തിരുവനന്തപുരം പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരി വൈസ് റെക്ടറായ അച്ചൻ പിന്നീട് (1993–1996) സെമിനാരി റെക്ടറുമായി സേവനം അനുഷ്ഠിച്ചു. 1979 മുതൽ 1993 വരെ കോട്ടയം വടവാതൂർ സെമിനാരിയിൽ അധ്യാപകനായും 1996–2009 ൽ മലങ്കര മേജർ സെമിനാരി അധ്യാപകനായും ശുശ്രൂഷ ചെയ്തു. കോട്ടയം സെന്റ് എഫ്രേം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും (സീരി), കോട്ടയം മിഷണറി ഓറിയന്റേഷൻ സെന്ററിലും പ്രൊഫസറായി സേവനമനുഷ്ഠിച്ചു. പത്തനംതിട്ട രൂപത നിലവിൽ വന്ന നാൾ മുതൽ രൂപതാ മൈനർ സെമിനാരിയിൽ അധ്യാപകനായിരുന്നു.

പത്തനംതിട്ട ജില്ലയിലെ മലയോര പ്രദേശമായ കോന്നിക്കടുത്ത് അതിരുങ്കലിലെ വളരെ സാധാരണമായ ഒരു കർഷക കുടുംബത്തിൽ സി. ജി. ദാനിയേലി


www.malankaralibrary.com



ന്റെയും സാറാമ്മയുടെയും പത്തു മക്കളിൽ കടിഞ്ഞൂൽ പുത്രനായി 1945 മെയ് 29ന് ജനിച്ചു. അതിരുങ്കൽ എൽ. പി. സ്കൂളിലും സി.എം.എസ്. യു. പി. സ്കൂളിലും കലഞ്ഞൂർ ഗവൺമെന്റ് ഹൈസ്കൂളിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. എസ്.എസ്. എൽ.സി. വളരെ ഉയർന്ന മാർക്കോടെ പാസ്സായി. 1961 ജൂണിൽ വൈദികനാകണമെന്ന ഉറച്ച ബോധ്യത്തോടെ പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. മാർ ഈവാനിയോസ് കോളേജിൽ നിന്ന് പ്രീ യൂണിവേഴ്സിറ്റി കോഴ്സ് പാസായി തുടർന്ന് ഫിലോസഫി, തിയോളജി പഠനങ്ങൾ വടവാതൂർ സെമിനാരിയിൽ പ്രശംസനീയമാം വിധം പൂർത്തിയാക്കി. പഠനത്തിലെ മികവിനാലും സ്തുത്യർഹമായ സ്വഭാവസവിശേഷതയാലും പ്രായോഗിക പരിശീലനത്തിന്റെ വർഷം (റീജൻസി കാലം) അധികാരികൾ ഇളവ് ചെയ്ത് നൽകിയിരുന്നതിനാൽ സഹപാഠികളെക്കാൾ മുമ്പിൽ 1969 ഡിസംബർ 20ന് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വൈദിക പട്ടം സ്വീകരിച്ചു. തൊട്ടടുത്ത ദിവസം കത്തീഡ്രലിൽ തന്നെ പ്രഥമ ദിവ്യബലിയർപ്പിച്ചു.

1973-78ൽ റോമിലെ അഗസ്റ്റീനിയൻ പട്രിസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഡോക്ടറേറ്റ് കരസ്ഥമാക്കി. മാർ ബാബായിയുടെ ക്രിസ്തു ശാസ്ത്ര ദർശനത്തെ (Chrisotoloy of Mar Babai the Great) അധികരിച്ചായിരുന്നു പഠനം. സഭ തള്ളിക്കളഞ്ഞ നെസ്തോറിയൻ പാഷണ്ഡത ഇന്നത്തെ അസ്സീറിയൻ സഭ പിന്തുടരുന്നില്ല എന്ന കണ്ടെത്തലിന് ബാബായിയുടെ പഠനം സഹായിച്ചു. നെസ്തോറിയൻ പാഷണ്ഡത പിന്തുടരുന്നവർ എന്ന ചിന്തയാൽ സഭൈക്യ ചർച്ചകളിൽ നിന്ന് അകറ്റി നിർത്തിയിരുന്ന അസ്സീറിയൻ സഭക്കാരെ എക്യുമെനിക്കൽ കൂട്ടായ്മകളിൽ പങ്കെടുപ്പിക്കാൻ കാരണമായത് അച്ചന്റെ ഗവേഷണ പരിശ്രമഫലമായിട്ടാണ്.

പോൾ ആറാമൻ പാപ്പ മുതൽ കത്തോലിക്കാ സഭയെ നയിച്ച എല്ലാ മാർപാപ്പമാരെയും സന്ദർശിക്കുവാനും തന്റെ പുസ്തകങ്ങൾ അവർക്ക് സമ്മാനിക്കാനും അച്ചന് ഭാഗ്യം ലഭിച്ചിട്ടുണ്ട്. കത്തോലിക്കാ, ഓർത്തഡോക്സ്, യാക്കോബായ സഭകൾ തമ്മിലുള്ള ചർച്ചകളിൽ രണ്ട് പതിറ്റാണ്ടോളം സഭയുടെ പ്രതിനിധിയായി പങ്കെടുത്തിട്ടുണ്ട്. ഓക്സ്ഫോഡ്, ലുവെയ്ൻ എന്നിവിടങ്ങളിൽ നടന്ന അന്തർദേശീയ സിംപോസിയങ്ങളിൽ പ്രബന്ധങ്ങൾ സമർപ്പിച്ചിട്ടുണ്ട്. വിയന്നാ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പ്രോ ഓറിയെന്തേ സിറിയക് കമ്മീഷനിൽ 1994 മുതൽ മലങ്കര കത്തോലിക്കാ സഭയെ പ്രതിനിധീകരിക്കുന്നു. ജർമ്മനിയിലെ കമ്യൂണിയോ ഇൻ ക്രിസ്തോ (communio in christo) എന്ന സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുമായി അടുത്ത ബന്ധവും അച്ചൻ പുലർത്തിയിരുന്നു.

സുറിയാനി സഭാപിതാക്കൻമാരിൽ അഗ്രഗണ്യനായി വിശേഷിപ്പിക്കപ്പെടുന്ന മാർ അപ്രേമിന്റെ കൃതികൾ മുഴുവനും മലയാളത്തിൽ ലഭിക്കുവാൻ കാരണമായത് ചേടിയത്ത് അച്ചനെന്ന വിജ്ഞാന കുതുകിയുടെ അക്ഷീണ പരിശ്രമമൊന്നുകൊണ്ട് മാത്രമാണ്. വിശുദ്ധ ഗ്രിഗ്ററി നീസ, വിശുദ്ധ ജോൺ ക്രിസോസ്തോം, തിയഡോർ, ഒരിജൻ എന്നിവരുടെ കൃതികളും ഭാഷാന്തരം ചെയ്തതും മറ്റാരുമല്ല.

നിരവധിയായ സഭാ ചരിത്ര പുസ്തകങ്ങൾ തന്റെ തൂലികയിലൂടെ പഠിതാക്കൾക്ക് സമ്മാനിച്ച അച്ചൻ പൗരസ്ത്യ കാതോലിക്കേറ്റിന്റെ സ്ഥാപന ചരിത്രം വിശദമാക്കിയും ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. സഭയെ ആക്രമിക്കുന്ന പെന്തക്കോസ്ത് നിലപാടുകൾക്ക് എതിരായും പുസ്തകങ്ങൾ എഴുതി കത്തോലിക്കാ സഭയുടെ വിശ്വാസസത്യങ്ങൾ വളരെ ലളിതമായ ഭാഷയിൽ അച്ചൻ അവതരിപ്പിച്ചിട്ടുണ്ട്.

സ്ഥാനമാനങ്ങളുടെയും ബഹുമതികളുടെയും വർണ്ണപ്രഭയിൽ അശേഷം താൽപര്യമില്ലാതിരുന്നിട്ടും കേരള മെത്രാൻ സമിതിയുടെ (കെ.സി.ബി.സി) ഗുരുപൂജാപുരസ്കാരവും മാർത്തോമാ പുരസ്കാരവും മാർ ജോസഫ് കുണ്ടുകുളം അവാർഡും അച്ചനെ തേടിയെത്തി. അംഗീകാരങ്ങൾക്കും പുരസ്കാ


രങ്ങൾക്കും തിലകക്കുറിയെന്നോണം മലങ്കര സുറിയാനി കത്തോലിക്കാ സഭ 2014ൽ ബത്തേരിയിൽ നടന്ന പുനരൈക്യ സംഗമത്തിൽ 'മല്പാൻ' സ്ഥാനം നൽകി ബഹുമാനിച്ചു. പത്തനംതിട്ട രൂപത നിലവിൽ വന്ന കാലം മുതൽ രൂപതാ ചാൻസലറായി ക്രിസോസ്റ്റം പിതാവിനെയും ഐറേനിയോസ് പിതാവിനെയും സഭാശുശ്രൂഷകളിൽ സഹായിച്ചിരുന്നത് ചേടിയത്ത് അച്ചനായിരുന്നു.

ഉന്നതമായ ചിന്തയും ഗഹനമായ കൃതികളും പണ്ഡിതോചിതമായ അധ്യാപനവും അച്ചന്റെ പ്രത്യേകതയായിരുന്നെങ്കിൽ ഒരു പുഞ്ചിരിയോടെ തന്നെ സമീപിക്കുന്നവർക്കെല്ലാം സംലഭ്യനായിരുന്നു എന്നതാണ് അച്ചന്റെ ഏറ്റവും വലിയ പ്രത്യേകത. പൗരോഹിത്യ ജീവിതത്തിന്റെ തനിമയിലും നിഷ്ഠയിലും ജീവിതത്തെ സമർപ്പിച്ച അച്ചന്റെ പാത പിന്തുടർന്ന് സ്വസഹോദരൻ ഫാ. തോമസ് ചേടിയത്തും സഹോദരീ പുത്രൻ ഫാ. ദാനിയേൽ മണ്ണിലും ബഥനി ആശ്രമാംഗങ്ങളായി ശുശ്രൂഷ ചെയ്യുന്നു.

അതുല്യ സിദ്ധിവൈഭവത്തിന് ഉടമയായിരുന്നെങ്കിലും ജീവിതത്തിൽ പ്രകടമായ ലാളിത്യവും നിർമമത്വവും കാത്തുസൂക്ഷിച്ചിരുന്നു എന്നതാണ് അച്ചന്റെ പ്രത്യേകത. വലുപ്പചെറുപ്പഭേദമില്ലാതെ എല്ലാവരെയും ഒന്നുപോലെ കരുതിയ അച്ചൻ കുഞ്ഞുങ്ങളെ ഒത്തിരി സ്നേഹിച്ചിരുന്നു. ചീക്കനാൽ ആശ്വാസ ഭവന്റെ ഡയറക്ടറായി സേവനം ചെയ്ത അച്ചൻ അവിടത്തെ അന്തേവാസികളായ കുഞ്ഞുങ്ങളുടെ കാര്യത്തിൽ സവിശേഷ ശ്രദ്ധ പതിപ്പിച്ചിരുന്നു. നിഷ്ഠയുള്ള ജീവിതം നയിക്കുന്നതിൽ ശ്രദ്ധിച്ചിരുന്ന അച്ചൻ ഒന്നിനോടും പ്രത്യേക പ്രതിപത്തിയില്ലാത്ത വ്യക്തിത്വത്തിനുടമയായിരുന്നു. തന്നെ സമീപിക്കുന്നവരെയെല്ലാം സന്തോഷത്തോടെ സ്വീകരിച്ചിരുന്ന അച്ചൻ സഹായമാവശ്യമുള്ളവരെ കരുതിയിരുന്നു. മിഷൻ പ്രദേശങ്ങളിൽ ശുശ്രൂഷ ചെയ്തിരുന്ന വൈദികരുടെ ശുശ്രൂഷാവേദികളെ ബലപ്പെടുത്തിയിരുന്ന അച്ചൻ ആരുമറിയാതെ അനേകം പാവങ്ങളെ സഹായിച്ചിരുന്നു.

കർഷക കുടുംബത്തിൽ ജനിച്ച അച്ചൻ കൃഷിയെ എന്നും സ്നേഹിക്കുകയും കാർഷികവിളകൾ നട്ടുപരിപാലിക്കുന്നതിൽ ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

അച്ചനെന്നും ഒരു പഠിതാവായിരുന്നു എന്നതാണ് സത്യം. സഭാസംബന്ധമായ വിഷയങ്ങളിൽ തനിക്ക് അറിവില്ലാത്ത കാര്യങ്ങൾ എളിമയോടെ സമ്മതിക്കാനും ആ വിഷയങ്ങളിൽ പാണ്ഡിത്യമുള്ളവരുടെ അടുക്കലേക്ക് ആളുകളെ നയിക്കാനും ശ്രദ്ധിച്ചിരുന്നു. പുതിയ ആശയങ്ങളെയും അറിവുകളെയും സന്തോഷ



ത്തോടെ നോക്കിക്കാണുന്ന അച്ചൻ കമ്പ്യൂട്ടർ വന്നപ്പോൾ അത് വാങ്ങി പഠിക്കാനും 70 വയസ്സിനോട് അടുത്ത പ്രായത്തിൽ മലയാളം ടൈപ്പിംഗ് പഠിക്കാനും തുടർന്ന് തന്റെ പുസ്തകങ്ങളെല്ലാം സ്വയമായി ടൈപ്പ് ചെയ്യാനും തുടങ്ങി എന്നത് നമ്മെ അത്ഭുതപ്പെടുത്തും.

സെമിനാരി അധ്യാപനത്തിനിടയിൽ തിരുവനന്തപുരം അതിരൂപതയിലെ ഒട്ടനവധി ദൈവാലയങ്ങളിലും വികാരിയച്ചൻമാരെ സഹായിക്കുന്നതിനായി ഞായറാഴ്ച്ചകളിൽ കടന്നുചെന്നിരുന്നു. 2009 –2010ൽ കാട്ടാക്കടയ്ക്കടുത്ത് തൊഴുക്കൽകോണം മിഷൻ ദൈവാലയ വികാരിയായിരുന്ന അച്ചൻ 2010 –2015ൽ ഓമല്ലൂർ പള്ളിയിലും 2015–2019ൽ ചീക്കനാൽ പള്ളിയിലും വികാരിയായിരുന്നു. 2019 ജൂലൈ മുതൽ പത്തനംതിട്ട രൂപത മൈനർ സെമിനാരിയിൽ താമസിച്ച് ആറ്ററികം ദൈവാലയത്തിൽ ശുശ്രൂഷ ചെയ്തിരുന്നു.

ശ്വാസകോശത്തിൽ ന്യുമോണിയ ബാധിച്ചതിനാൽ ഏതാനം ദിവസങ്ങൾ ആശുപത്രിയിലായിരുന്ന അച്ചൻ 2021 ഫെബ്രുവരി 21 ന് സ്വർഗ്ഗീയ സമ്മാനത്തിനായി യാത്രയായി. ഫെബ്രുവരി 25 ന് അതിരുങ്കൽ പള്ളിയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ തിരുമേനിയുടെയും സഭയിലെ പിതാക്കൻമാരുടെയും കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തി.

ചേടിയത്ത് മൽപാനച്ചന്റെ ഭൗതീക ശരീരം മാത്രമാണ് നമ്മെ വിട്ടുപിരിയുന്നത്. അച്ചൻ പഠിപ്പിച്ച അസംഖ്യം ശിഷ്യരിലൂടെ, അച്ചന്റെ പുസ്തകം വായിക്കുന്ന അനേകരിലൂടെ അച്ചൻ എന്നും ജീവിക്കും.


www.malankaralibrary.com




# The Divine Trainer



**Rev. Fr. Sabi Varghese Puthenveliyil**
Gurgaon Diocese

One of the unanswered questions for ages and even would remain so for eternity. Like one of the many greatest mysteries of the faith-world, this too may remain a mystery. Who St. Joseph really was (is)? Spouse of the Virgin Mother of God, Foster Father of the Son of God, the Carpenter, Guardian of the Holy Family... and so on goes the adjectives attributed to him. But always the name St. Joseph would tell us, he is more than what we know and been taught. Every members of the Catholicism have great admiration towards this great father figure. 'Who do people say the Son of Man is?' They replied, "Some say John the Baptist; others say Elijah; and still others, Jeremiah or one of the Prophets." (Mt. 16.13-14) In the same way people have different opinions and assumptions about St Joseph. Some say he is a Blessing, others a Miracle and still others say he is the Divine Trainer.

## JOSEPH THE BLESSING

Our God Almighty is someone who always respects the freedom of human person. At the same time humanity is responsible for every action and decision he/she makes. Every person is given same opportunity to make choices in his/ her life. Anyone who chooses God as his/ her option then the person becomes a blessing. In the account of Prophet Jonah



we read how the Voice of God approaches him to go to Nineveh to preach the message of repentance. But what follows is Jonah chooses not to abide with the Word of GOD, rather he opts to go with the prompting of the voice of his self. He plans to journey to Tarshish. As his journey proceeds forward the ship in which he journey gets into storm and wind and was about to sink into the deep. And then Jonah realizes him as the cause of problem to his ship. Anyone who journeys against the will of GOD becomes a problem to the Ship (Family) in which he/ she travels. Again in the book of Judges, we read about the story of Samson- the strongest of the strongest judge of Israel. In all through his life he never had any revelations directly from heaven rather he was given instruction in and through his Mother (Judges 13: 3-5). Samson was strong and mighty as he was an obedient son to his parents. But the moment he disobeyed and broke the vows he made to the Mighty God, he loses his superpowers and becomes blind. Let us move to look at the life of St Joseph. As like Jonah and Samson, the voice of God approached him too through a dream. But Joseph obey the voice of God over the promptings of his inner voice (Mt.1.24).

Eventually he is considered as a blessing to the humanity to whomever his intercession is sought. And then what enabled him to become a blessing is his choice, choice to hold his creator God dear to his heart. Anyone who holds his/ her God near to their heart has the grace to become a blessing. It was the choice of St Joseph that even may have modeled Jesus to pray at Gethsemane… "Not my will but your will be done" (Lk. 22. 42). My dear friend if you want to be a blessing to your loved ones, be courageous to heed the voice of God over your selfish inner promptings. Hold your God dear to your heart. He will definitely make you a blessing.

## JOSEPH THE MIRACLE

In this fast moving world of technologies humanity is hungry to experience miracles. Every person on earth is in need of a miracle in his/ her life; miracle to escape from personal problems, tensions, monetary disturbances, calamities, pain, death and so on. We need miracles. St. Joseph is called as a miracle worker. But I would say he is a miracle. We all are destined to become miracles. In the Gospels we see whenever there is a union of Love of God and love of neighbor there occur a miracle (John 6.9, Mt 9. 2).In St Joseph, we see this kind of a togetherness of Love of God and neighbor. He always valued God above everything. Hence he was chosen as the protector of the Holy Mother and Child. It was St Joseph's love of neighbor that helped him to accept the divine plan about Mary or else he would have denied that message in the dream and could have broken the relationship with Mary (Mt. 1. 19). Joseph valued humanity and humanness. As we are in this world of

much deterioration in values we need the model of Joseph. Let us look at him and learn the art of holding God and Humanity dear to our hearts. Let us too become miracles in this society. As St. Joseph's presence was a comfort and protection to the Holy Family, may our presence be of good solace to our dear ones.

## JOSEPH THE SILENT

The most used adjective attributed to St Joseph is that he was silent. Silence is a part that always goes well with St Joseph. None of the Canonical writings give any account of any words of Joseph. He was more a man of actions than words. He never posed any complaints about anything because he knew well that the part he chose was the best for any human person. As Mary sat at the feet of the Lord listening him (Lk. 10 39, 42) so Joseph dedicated himself at the feet of the Lord and listened his creator God. Joseph preferred to talk to God. Again in the book of Kings we read the episode of Elijah. He looks for God in the storm and whirlwind but couldn't find Him and again we see him finding his God in the serenity of a breeze (1Kgs: 19, 11-13). And again the Psalmist sings, 'be still and know that I am God' (Ps 46: 10). Joseph knew the art of finding God in the serenity of his heart. He knew well that the child whom he holds dear to him is his God. And then we have this divine trainer Joseph who really taught his little boy Jesus about the power of silence. As the boy grew up in wisdom and stature and in favour with God and man (Lk: 2. 52), Joseph stands as the hero of the boy who taught him about the dos and don'ts of earthly life. Later on many occasions we find Jesus using this tool of silence to silence his critics. He imbibed well the technique of silence from his Foster father.



At the incident about the woman caught in adultery(Jn: 8. 6) we see how well Jesus uses the power of silence to calm the heated situation. And again in the court of Pontius Pilate we witness the power of silence (Mt: 27. 14). In all these incidents it was the silence that helped Jesus to reign over enemy. I wish to say that it was the silence of Joseph that helped and formed Jesus to use silence in his life. And thus he is a divine trainer who was privileged to train the Almighty, His Creator. Dear ones this year as it is specially dedicated to St Joseph, let us too look at him as our trainer. He knows well the trade of training. Let us give ourselves at his hands and listen well that his intercession would enable all of us to become a blessing, miracle and a silent pursuer of the Great Wisdom- God.

Amen.



# നോമ്പ് - പരിവർത്തനത്തിന്റെ നാളുകൾ

എബിനി ട്രീസാ ബാബു
സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ, പത്തനംതിട്ട

നൂറ്റാണ്ട് കണ്ടിട്ടില്ലാത്ത വിധത്തിലുള്ള പ്രതിസന്ധികളിലൂടെ ലോകജനത കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ, വീണ്ടും നാം വലിയ നോമ്പിന്റെ പുണ്യദിനങ്ങളിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. നമ്മുടെ കർത്താവിന്റെ മഹത്വകരമായ ഉയിർപ്പു പെരുന്നാളിന് ഒരുക്കമായുള്ള തപസ്സു കാലമാണിത്. കൊത്തിനെ ഞായറാഴ്ച മുതൽ ദുഃഖ ശനിയാഴ്ച്ച വരെയുള്ള ഏഴ് ആഴ്ചക്കാലമാണിത്. ഒരു പക്ഷേ കഴിഞ്ഞ നോമ്പുകാലത്ത് നമ്മുടെ മുൻപിലും പിൻപിലും വലതും ഇടതുമൊക്കെ ഉണ്ടായിരുന്നവരിൽ പലരും ഇന്ന് നമ്മോടൊപ്പമില്ല. നമ്മുടെ അവസ്ഥയും അവരുടേതിനേക്കാൾ ഒട്ടും വ്യത്യസ്തമായിരുന്നില്ല. എന്നാൽ സർവശക്തനായ ദൈവം വീണ്ടും നന്ദിയോടെ ഈ ഭൂമിയിൽ ജീവിക്കുവാൻ നമ്മെ അനുവദിച്ചിരിക്കുന്നു.

ഉത്ഥാന തിരുന്നാളിന്റെ രക്ഷാകരമായ അനുഭവം സ്വീകരിക്കുവാനുള്ള ഒരുക്കമാണ് വലിയ നോമ്പ്. മിശിഹായുടെ പീഡാനുഭവങ്ങളോട് ചേർന്ന് സഹനവഴിയിലൂടെ തീർത്ഥാടനം നടത്താൻ, അവന്റെ സഹനങ്ങളോട് സമരസപ്പെടാൻ നമ്മെത്തന്നെ സമർപ്പിക്കുന്ന സമർപ്പണത്തിന്റെ നാളുകൾ. അനുരഞ്ജന (ശുബ്ക്കോനോ) ശുശ്രൂഷയിലൂടെയാണ് വലിയ നോമ്പ് ആരംഭിക്കുന്നത്. നമ്മുടെ സഹോദരങ്ങളോടും പ്രകൃതിയോടും നമ്മുടെ ചുറ്റുമുള്ള എല്ലാറ്റിനോടും അനുരഞ്ജനപ്പെട്ട് വന്നുപോയ എല്ലാ കുറവുകളും തെറ്റുകളും പരസ്പരം ക്ഷമിച്ചും മറന്നുമാണ് നാം വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നത്. വിശുദ്ധീകരണത്തിന്റെയും രൂപാന്തരീകരണത്തിന്റെയും നാളുകളായി മാറണം ഈ ദിനങ്ങൾ.

നാം നഷ്ടമാക്കിക്കളഞ്ഞ ദൈവീകാംശത്തെ തിരികെ പിടിക്കാനുതകുന്നതാകണം നമ്മുടെ ഉപവാസവും നോമ്പും. തിരക്കുകളും ജീവിതഭാരവും നമ്മെ പലപ്പോഴും നോമ്പ്, ഉപവാസം, പരിത്യാഗം, ആശയടക്കം എന്നിങ്ങനെയുള്ള ആത്മീയ പ്രവർത്തനങ്ങളിൽ നിന്ന് അകറ്റാറുണ്ട്. ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസമല്ല ദൈവം ആഗ്രഹിക്കുന്നത്. ബാഹ്യമായ പ്രകടനങ്ങളിലല്ല, ഹൃദയ പരിവർത്തനം സംഭവിക്കുന്നില്ലെങ്കിൽ നാം ഭക്ഷണം വെടിഞ്ഞു എന്നു പറയുന്നതിൽ അർത്ഥമില്ല. ഇത്തരത്തിലുള്ള നോമ്പും ഉപവാസവും ശരീരഭാരം കുറയ്ക്കുവാൻ വേണ്ടി ചെയ്യുന്ന ഡയറ്റ് പ്ലാനുകളും തമ്മിൽ വ്യത്യാസങ്ങളൊന്നുമില്ല. യഥാർത്ഥമായ ഉപവാസത്തെക്കുറിച്ച് ഏശയ്യാ പ്രവാചകൻ അമ്പത്തിയെട്ടാം അധ്യായത്തിന്റെ ആറാം തിരുവചനം മുതൽ നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്, 'ദുഷ്ടതയുടെ കെട്ടുകൾ


www.malankaralibrary.com



പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞു മാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? ( ഏശയ്യാ 58: 6-7)'

പല രീതിയിലുള്ള ഉപവാസം പഴയ നിയമത്തിൽ കാണാം. സാവൂളിന്റെ മരണശേഷം സഹപ്രവർത്തകർ ഏഴു ദിവസവും (1 സാമു 31 : 13) ദാവീദും അനുയായികളും സന്ധ്യവരെയും (2 സാമു 1 :12) ഉപവസിച്ചു. താൻ ചെയ്ത തെറ്റിന് ശിക്ഷയുണ്ടാകുമെന്ന് അറിഞ്ഞ ആഹാബ് ചാക്കുവസ്ത്രം ധരിച്ച് ഉപവസിച്ചു (1 രാജാ 21 : 17). തന്നെത്തന്നെ എളിമപ്പെടുത്തിയതിനാൽ ആഹാബിനെ ദൈവം ശിക്ഷയിൽ നിന്ന് ഒഴിവാക്കി. യഹൂദ ജനതയ്ക്ക് നാശം സംഭവിക്കാൻ പോകുന്നുവെന്ന് അറിഞ്ഞ എസ്തേർ മൂന്ന് ദിവസം ഉപവാസത്തിന് ആഹ്വാനം നൽകി (എസ്തേർ 4 : 16). അവരുടെ പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നൽകുകയും കരുണ കാണിക്കുകയും ചെയ്തു. ഇസ്രായേൽ ജനം തങ്ങളുടെ തെറ്റുകൾക്ക് പരിഹാരമായി കൂട്ടത്തോടെ ഉപവസിക്കുകയും പാപം ഏറ്റു പറയുകയും ചെയ്യുന്നതും നമുക്ക് പഴയനിയമത്തിൽ കാണാം (ന്യായാ 20 : 26, 1 സാമു 7 : 6) നിനുവെയിലെ ജനങ്ങൾ ഒരുമിച്ച് ദൈവത്തിൽ വിശ്വസിക്കുകയും ഉപവാസം പ്രഖ്യാപിച്ചു വലിയവരും ചെറിയവരും ഒന്നുപോലെ ചാക്കുടുക്കുകയും ചെയ്തു. (യോനാ 3 :5). ഇസ്രായേലിന്റെ തിന്മയ്ക്ക് പരിഹാരമായി മോശ നാൽപത് ദിനരാത്രങ്ങൾ അവർക്കുവേണ്ടി ഉപവസിക്കുന്നു (പുറ 24 :18, 34:28). പുതിയ നിയമത്തിൽ തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിന് മുൻപ് ഈശോ നാൽപത് ദിനരാത്രങ്ങൾ ഉപവസിക്കുന്നു (വി. മത്താ 4 : 2, വി. ലൂക്കാ 4 : 1-2) മലയിലെ പ്രസംഗത്തിൽ യഥാർത്ഥമായ ഉപവാസം എപ്രകാരമായിരിക്കണമെന്ന് ഈശോ നമ്മെ പഠിപ്പിക്കുന്നു( വി. മത്താ 6 : 16-17).

നോമ്പുകാലത്തുള്ള ഏഴു ഞായറാഴ്ചകളിൽ ഓരോ ഞായറാഴ്ചയും കർത്താവിന്റെ പരസ്യജീവിത കാലത്തെ ഓരോ അത്ഭുതങ്ങൾ ധ്യാനവിഷയമാണ്. കാനായിലെ കല്യാണം മുതൽ കാൽവരി വരെയുള്ള യാത്രയിൽ ഈശോയുടെ സാന്നിധ്യം ചുറ്റുമുള്ളവരിൽ ഓരോ വിധത്തിലുള്ള മാറ്റങ്ങൾക്ക് കാരണമാകുന്നുണ്ട്. ഈശോയുടെ ജീവിതത്തിലെ രക്ഷാകര രഹസ്യങ്ങളിലൂടെയും സഹനവഴികളിലൂടെയും നാമും സഞ്ചരിക്കുമ്പോൾ ചുറ്റുമുള്ളവരിൽ പ്രത്യാശ നിറയ്ക്കുവാനും ദൈവീക സ്നേഹം അവർക്ക് അനുഭവവേദ്യമാകുവാനും നമ്മുടെ നോമ്പും പ്രാർത്ഥനയും സഹായകരമാകണം. യുവാവായ ക്രിസ്തു

**"ഹൃദയ പരിവർത്തനം സംഭവിക്കുന്നില്ലെങ്കിൽ നാം ഭക്ഷണം വെടിഞ്ഞു എന്നു പറയുന്നതിൽ അർത്ഥമില്ല"**



www.malankaralibrary.com



സമൂഹത്തിൽ അന്നു നിലനിന്നിരുന്ന അനീതികൾക്കും തിന്മയ്ക്കുമെതിരെ ശക്തമായ നിലപാടുകൾ കൈക്കൊണ്ടിരുന്നു. വിശുദ്ധ സ്ഥലമായ ദേവാലയത്തെ കച്ചവട സ്ഥലമാക്കിയപ്പോൾ യേശു ശക്തമായി പ്രതികരിക്കുന്നത് വി. യോഹന്നാന്റെ സുവിശേഷം രണ്ടാം അധ്യായം പതിമൂന്നാം തിരുവചനം മുതൽ നാം കാണുന്നുണ്ട്. സമൂഹം തള്ളിക്കളയുകയും നിഷേധിക്കുകയും ചെയ്തവരെ അവൻ എന്നും തന്റെ നെഞ്ചോട് ചേർത്തുവച്ചു, ദുഃഖത്തിലും ദുരിതത്തിലുമാണ്ടു കഴിഞ്ഞവരെ അവൻ ആശ്വസിപ്പിക്കുന്നു. നമ്മുടെ ചുറ്റും ഇന്നു നടക്കുന്ന സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുവാനും സമൂഹത്തിൽ ഒറ്റപ്പെട്ടു പോയവർക്കും അടിച്ചമർത്തപ്പെടുന്നവർക്കും ധൈര്യമേകാൻ, സാമൂഹിക പ്രതിബദ്ധതയുള്ളവരായി ജീവിക്കുവാൻ തക്കതായ തുറവി യുവജനങ്ങളായ നാമോരോരുത്തർക്കും ഉണ്ടാകണം.

ഈ ദിവസങ്ങളിൽ നാം കാണുന്ന വളരെ വേദനാജനകമായ ഒരു കാഴ്ചയാണ് നമ്മുടെ കർഷക സഹോദരങ്ങളുടെ അവകാശ നിഷേധം. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന കർഷക സമരത്തെക്കുറിച്ച് അനുദിനം മാധ്യമങ്ങളിലൂടെ നാം മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. മണ്ണിൽ പൊന്നുവിളയിച്ച് നമ്മുടെ എല്ലാം വയറു നിറയ്ക്കാൻ വിയർപ്പൊഴുക്കുന്ന പാവം മനുഷ്യർ, അവരെ ചിലരുടെ താൽപര്യങ്ങൾക്കും സൗകര്യങ്ങൾക്കും അടിമകളാക്കുവാൻ നടക്കുന്ന ശ്രമങ്ങളാണ് ഇന്ന് നാം കാണുന്നത്. പടിപടിയായി നാമെല്ലാം ആ ശക്തികളുടെ പിടിയിലമരുന്നതിന് മുന്നോടിയാണിത്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ സമൂഹത്തിലെ അനീതികൾക്കെതിരെ നമ്മളാലാവുംവിധം പ്രതികരിക്കുവാൻ, ക്രിസ്തുവിന്റെ ജീവിതത്തോടും സഹനങ്ങളോടും ചേർന്നുനിന്നുകൊണ്ട് തപസിന്റെ കാലത്തിലൂടെ കടന്നുപോകുമ്പോൾ, അവന്റെ പാതയെ പിന്തുടരുവാൻ യുവജനങ്ങളായ നമുക്കും സാധിക്കണം.

കാൽവരിയിലേക്ക് സഞ്ചരിക്കുവാനുള്ള ഊർജ്ജം ഈ വലിയനോമ്പിൽ നിന്നു നാം സ്വായത്തമാക്കണം. കാൽവരിയിലേക്കുള്ള യാത്ര വളരെ വേദന നിറഞ്ഞതാണ്. എന്നാൽ സഹനം മാത്രമല്ല കാൽവരിയിൽ കാണാൻ കഴിയുന്നത്. അവിടെ സ്നേഹവും ക്ഷമയും കരുതലും പ്രത്യാശയും ഒക്കെ നമുക്ക് കാണാൻ കഴിയും. കർത്താവിനോട്കൂടി വസിക്കേണ്ട സമയമാണ് നോമ്പുകാലം. മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും ദിവസങ്ങൾ. വിശ്വാസത്തിൽ ബലപ്പെടുവാനും രക്ഷയുടെ പ്രത്യാശയിലേക്കു വളരുവാനും ഈ വലിയ നോമ്പ് സഹായിക്കട്ടെ.



# സഭാതലസമിതി

## അനുമോദനങ്ങൾ

ബഥനി സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട എം.സി.വൈ.എം. സഭാതല സമിതിയുടെ മുൻ ഡയറക്ടർ വെരി. റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സി. അച്ചന് എം.സി. വൈ.എം. കുടുംബത്തിന്റെ പേരിലുള്ള അനുമോദന ങ്ങളും ആശംസകളും എം.സി.വൈ.എം. സഭാതല സമിതി ജനറൽ സെക്രട്ടറി ജിനു ജോർജ്ജ് അറിയിച്ചു.



## റീഹോദ് സൗമോ

'യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ?' (റോമ 6 :3)

മാമ്മോദീസായ്ക്കു ശേഷം നാൽപതു പകലും നാൽപതു രാവും ഉപവാസവും പ്രാർത്ഥനയുമായി കഴിഞ്ഞ യേശുവിന്റെ മാതൃക ഓരോ ക്രൈസ്ത വന്റെയും ജീവിതത്തിൽ ആഘോഷിക്കുമ്പോഴാണ് നോമ്പിന്റെ ചൈതന്യം അർത്ഥവത്താവുന്നത്.

വലിയ നോമ്പിന്റെ ദിനങ്ങളിൽ യുവജനങ്ങ ൾക്ക് പ്രത്യേകമായ വിധം പ്രാർത്ഥിച്ച് ധ്യാനിക്കുവാ നായി നോമ്പിന്റെ ഓരോ ദിനങ്ങളിലും ഓരോ നിയോ ഗങ്ങൾ യുവജനങ്ങളിലേക്ക് എത്തിക്കുന്നു.

എം.സി.വൈ.എം. രൂപതാതല നേതൃത്വം, നിയോഗങ്ങൾ ഏറ്റവും ഗൗരവത്തോടെ വൈദിക




ജില്ല/ മേഖല തലങ്ങളിലും, അവിടെനിന്ന് യൂണിറ്റ് തലങ്ങളിലേക്കും എത്തിക്കുന്നു.

# തിരുവനന്തപുരം മേജർ അതിഭദ്രാസനം

## മലങ്കരയുടെ ശ്രേഷ്ഠ ഇടയന് എം.സി.വൈ.എം. ന്റെ അഭിനന്ദനങ്ങൾ

എല്ലാ മതവിഭാഗത്തിലെയും നാടാർ സമുദാ യത്തിന്റെ അവകാശങ്ങൾക്കായി അനുകൂലമായ വിധി നടപ്പാക്കുന്നതിന് വേണ്ടി അനേകവർഷങ്ങ ളുടെ നിരന്തര പരിശ്രമത്തിലൂടെ അക്ഷീണം പ്രയത് നിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തല വനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ തിരുമനസ്സിന് എം.സി.വൈ.എം. തിരുവനന്ത പുരം മേജർ അതിരൂപതയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിച്ചു.



## നോമ്പുകാല ഒരുക്ക ധ്യാനം

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ


www.malankaralibrary.com

ക്കായി ഓൺലൈൻ നോമ്പ് ഒരുക്ക ധ്യാനവും ദിവ്യ കാരുണ്യ ആരാധനയും 2021 ഫെബ്രുവരി 16 ചൊവ്വാ ഴ്ച വൈകിട്ട് 7 മണിക്ക് പ്രശസ്ത സുവിശേഷ പ്രഘോ ഷകനും ധ്യാനഗുരുവുമായ ബെന്നി നാരകത്തിനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു.

തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ ഫാ. അരുൺ ഏറത്ത് ദിവ്യകാരുണ്യ ആരാ ധന നടത്തി. യുവജനങ്ങൾ ഓൺലൈനായി ഫെയ്സ്ബുക്ക് ലൈവിലൂടെ ഈ ശുശ്രൂഷയിൽ പങ്കെടുത്തു.




### സെനറ്റ് സമ്മേളനം

എം.സി.വൈ.എം. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവി കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി ജില്ലാ പ്രതിനിധികളെ ഉൾപ്പെടുത്തി ഫെബ്രുവരി 13-ാം തീയതി സെനറ്റ് സമ്മേളനം നടത്തപ്പെട്ടു. 42 അംഗങ്ങൾ പങ്കെടുത്തു.



## തിരുവല്ല അതിഭദ്രാസനം

### നന്ദിയോടെ തിരുവല്ല അതിഭദ്രാസന യുവജന സഭ

കഴിഞ്ഞ 53 വർഷങ്ങൾക്ക് യുവജന സഭ ഒത്തൊരുമിച്ച് പുല്ലാട് സെന്റ് ആന്റണീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് തിരുവല്ല അതിഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമനസ്സിനോടും അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് മാത്യു അരീക്കൽ അച്ചനോടും അതിഭദ്രാസന, മേഖല, യൂണിറ്റ് ഭാരവാഹികളോടും ചേർന്ന് നന്ദിയുടെ കൃതജ്ഞതാബലി അർപ്പിച്ചു.



യുവജനങ്ങളുടെ ഇടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന തളർച്ചകൾക്ക് ക്രിസ്തുവിലേക്ക് വരികയാണ് പരിഹാരം എന്ന് അഭിവന്ദ്യ പിതാവ് ജന്മദിന സന്ദേശമായി നൽകി. തുടർന്ന് നടന്ന മീറ്റിങ്ങിൽ അതിഭദ്രാസന എം.സി.വൈ.എം. പ്രസിഡന്റ് ലൈജു കോശി മാത്യു അദ്ധ്യക്ഷത വഹിക്കുകയും മുഖ്യ സന്ദേശം അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് നൽകുകയും ചെയ്തു.



### ആത്മ മീറ്റ് 2021

തിരുവല്ല അതിരൂപത ആത്മ മീറ്റ് 2021 MACFAST കോളേജിൽ വച്ച് നടത്തപ്പെട്ടു. 9 മേഖലകളിൽ നിന്നായി ഡയറക്ടർമാർ, യൂത്ത് കോർഡിനേറ്റർമാർ, ആനിമേറ്റർമാർ, പ്രസിഡന്റുമാർ തുടങ്ങിയവർ മീറ്റിംഗിൽ സംബന്ധിച്ചു.



## പത്തനംതിട്ട ഭദ്രാസനം

### ചിത്രരചനാ മത്സരം

ആഗോള കത്തോലിക്കാ സഭാ ഈ വർഷം പ്രത്യേകമായും വി. യൗസേപ്പ് പിതാവിന്റെ വർഷമായി ആഘോഷിക്കുകയാണല്ലോ .എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി ഈ അവസരത്തിൽ 'തിരുകുടുംബത്തിൽ വിശുദ്ധ യൗസേപ്പ് പിതാവ്' എന്ന ആശയത്തെ മുൻനിർത്തി ചിത്രരചനമത്സരം സംഘടിപ്പിച്ചു.




### ടാസ്ക്ക് ഫോഴ്സ്

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ടാസ്ക്ക് ഫോഴ്സ് ദൗത്യശുശ്രൂഷയുടെ ഭാഗമായി ചന്ദനപ്പള്ളി, പറന്തൽ, ചിറ്റാർ എന്നീ ദൈവാലയങ്ങളിൽ ടാസ്ക്ക് ഫോഴ്സ് അംഗങ്ങൾ ശവസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്യം നൽകി.



## ബത്തേരി ഭദ്രാസനം

### പ്രവർത്തനവർഷ ഉദ്ഘാടനം

എം.സി.വൈ.എം. ബത്തേരി രൂപത പ്രവർത്തനവർഷ ഉദ്ഘാടനവും മെഡിക്കൽ ക്യാമ്പും Le Sapphare ൽ വെച്ച് നടത്തി. Psychologist Merjana.E "Psychological well-being and positive mental health" എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സ് എടുത്തു. എം.സി.വൈ.എം. 2021 വർഷത്തെ കർമ്മപരിപാടി ബത്തേരി രൂപത വികാരി ജനറൽ റിട്ട. റവ. സെബാസ്റ്റ്യൻ കീപ്പള്ളിൽ അച്ചൻ കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി റോസ് മേരിക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. ബത്തേരി രൂപത എം.സി. വൈ. എം. ഡയറക്ടർ ഫാ. സാമുവൽ ജോർജ്ജ് ഒ.ഐ .സി, അസിസ്റ്റൻറ് ഡയറക്ടർ ഫാ. എബ്രഹാം ആശാരിപറമ്പിൽ, ആനിമേറ്റർ സിസ്റ്റർ ജെയിൻ ഫ്രാൻസിസ് ഡി എം, റോബിൻ ജോസഫ് എന്നിവർ സംസാരിച്ചു.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തപ്പെട്ട പരിപാടിയിൽ വിവിധ മേഖലകളിൽ നിന്നായി 50 യുവജനങ്ങൾ പങ്കെടുത്തു.



## പാറശ്ശാല ഭദ്രാസനം

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനം 2021 വർഷത്തെ കർമ്മ പദ്ധതിയായ അസ്സീസിയൻ ഫ്രറ്റേണിറ്റി 2021 ന്റെ ഉദ്ഘാടനം ഫെബ്രുവരി 21 ഞായറാഴ്ച ഉച്ചയ്ക്ക് പുത്തൻകാവുവിള ദൈവാലയത്തിൽ വച്ച് നടന്നു. 'യുവജനങ്ങൾ സാഹോദര്യത്തിന്റെ അപ്പസ്തോലർ' എന്ന ഈ വർഷത്തെ പഠന വിഷയത്തിന്റെ ആശയത്തെപ്പറ്റി റവ. ഫാ. ഡൊമിനിക് സാവിയോ ഒ.ഐ.സി. യുവജനങ്ങൾക്ക് ക്ലാസ് എടുത്തു. ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലിത്താ ഭദ്രാസന വൈദിക ജില്ലാ കർമ്മപദ്ധതികൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഓൺലൈൻ മത്സരത്തിലെ വിജയികളെയും പി.എസ്.സി. പരീക്ഷയിലൂടെ ജോലി കരസ്ഥമാക്കിയ യുവജനങ്ങളെയും തദവസരത്തിൽ അനുമോദിച്ചു.



## Diocese of Gurgaon

### Sacred 60, 60 years of Love and Life

On the occasion of the 60th birthday of our Aboon His Excellency Most Rev. Dr. Jacob Mar Barnabas, MCYM Diocese of Gurgaon launched MCYM's dream project, 'Sacred 60, 60 Years of Love and Life' which includes 2 programs for the benefit of our Mission Centres:


i) Supporting 60 families in mission centres by providing a family with articles worth Rs.10000/- like livestock, sewing machines, etc which makes a grant total of Rs. 6,00,000/-

ii) Sending 60 MCYM members to mission centres for long duration visit.

### MELSO

On the occasion of Christmas MCYM Diocese of Gurgaon organized an online multi-level Inter Unit Crib Making Competition in which all units actively participated. The Winners of the competition are as follows:

| | | |
|---|---|---|
| Winner | : | MCYM Jasola Unit of Delhi Region |
| 1st Runner up | : | MCYM Junagadh Unit of Orissa Region |
| 2nd Runner up | : | MCYM Ahmedabad Unit of Bhopal Region. |




### IZHAAR : CHAPTER 2

Bhopal Region posted its last Open Letter 'Izhaar' chp. 2 on 31st December, 2020. Throughout the year we were


www.malankaralibrary.com

blessed to have come across various phenomenal people and their stories. IZHAAR has not only been an online platform for people to express their feelings, but also to grow very close to our hearts. On behalf of MCYM Bhopal Region, we are very thankful to all the youth members for writing such great articles for our Instagram page.

## IGNITE IN CHRIST

Bhopal Region conducts an Adoration prayer on Google Meet every 3rd Fridays. On 19th February, 'Praying for Orphans' was the intention of the Adoration, led by the youth of Bhopal Unit and Regional Director Rev. Fr. Alexander Kalluk alayil It gave a really blissful feel.

## PRAYER OF HOPE


During the Lent Season, MCYM Bhopal Region started a prayer initiative where each youth will fast and pray for the Sick and the needy and will call the family and pray for them throughout the Lent season

## LEADERSHIP SESSION

MCYM Surat conducted a leadership session on 14th February,2021. The session was taken by Rev. Fr. Shoby Mathew OIC. It was an immense value-added session and all the members took home new life lessons with them. On the same day the unit arranged their first official meeting after the lockdown, where they welcomed 4 new youth members to the MCYM family.

## POLITICAL VOICE:

MCYM Vapi organised an online interactive session on Current Political affairs by Adv. Abraham Pattiyani on 26th January at 5.00 PM. The unit had a discussion regarding the current Political issues in our country.







www.malankaralibrary.com